ഭരണഭാഷ-മാതൃഭാഷ

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
പി.എം.ജി,തിരുവനന്തപുരം- 33,
തീയതി: - 07/01/2020.

ഐ1/4371/19

## ച്ചറ്ററിയിപ്പ്

എല്ലാ ജില്ലാതല മത്സരങ്ങൾ നടക്കുന്ന ഐടിഐയുടെ പ്രിൻസിപ്പാൾമാർക്ക് 8 x 4 അടി വലിപ്പത്തിലുള്ള ഒരു ബാനറിന്റേയും, കൂടാതെ മത്സരം നടക്കുന്ന സ്കില്ലിന്റെ പേരോട്ടുകൂടിയ പോസ്റ്ററിന്റേയും ഡിസൈൻ ഇമെയിലിലൂടെ അയച്ചു തരുന്നതാണ്. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ പരിസ്ഥിതിക്ക് ഇണങ്ങുന്ന വിധം 8 അടി x 4 അടി സൈസിൽ ബാനർ തയ്യാറാക്കി മത്സരം നടക്കുന്ന ഐടിഐയുടെ പ്രവേശനകവാടത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

അയച്ചുതരുന്ന ഡിസൈനിലുള്ള പോസ്റ്റർ മത്സരങ്ങൾ നടക്കുന്ന വേദിക്കനുസരിച്ച് സ്റ്റിക്കർ രൂപത്തിൽ പ്രിൻറ് ചെയ്ത് മത്സരം നടക്കുന്ന വർക്ഷോപ്പിൽ പ്രദർശിപ്പക്കേണ്ടതാണ്.

ജില്ലാതല മത്സരങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം നടക്കുന്ന ഐടിഐകൾ ചടങ്ങിൽ പങ്കെടുക്കുന്ന ഉദ്ഘാടകന്റെ പേര്കൂടി ഉൾപ്പെടുത്തി പ്രവേശന കവാടത്തിൽ കെട്ടിയ ബാനർ തന്നെ ചടങ്ങ് നടക്കുന്ന വേദിയിൽ പ്രദർശിപ്പിക്കേണ്ടതാണ്. ജില്ലാതല ഉദ്ഘാടനം നടത്തേണ്ടത് അതാത് ജില്ലാ നോഡൽ ഐടിഐകളിൽ ആയരിക്കണം. ഇങ്ങനെ സംഘടിപ്പിക്കുന്ന ചടങ്ങിൽ പങ്കെടുക്കുന്ന ഉദ്ഘാടകന്റെ വിശദ വിവരം 09/01/2020 വ്യാഴാഴ്ച 4 മണിക്ക് മുൻപായി lindiaskillskerala2020@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്. പ്രസ്തുത വിവരം ഔദ്യോഗികമായി അന്നേ ദിവസം തന്നെ പി ആർ ഏജൻസിക്ക് കൈമാറേണ്ടതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തുവാൻ പാടുള്ളതല്ല.

നോഡൽ ഐടിഐ പ്രിൻ,സിപ്പാൾമാർ പി ആർ ഏജൻസികളുടെ പ്രതിനിധികളുമായി ബന്ധപ്പെട്ട് അതാത് ജില്ലയിലെ വിവിധ ഐടിഐകളിൽ വെച്ച് നടക്കുന്ന മത്സരം സംബന്ധിച്ച് വിഷയം ചർച്ച ചെയ്യാൻ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി പ്രസ്തുത ഉദ്യോഗസ്ഥന്റെ പേര്, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ ഈ കാര്യാലയത്തിൽ lindiaskillskerala2020@gmail.com എന്ന ഇ മെയിലിൽ 09/01/2020 4 മണിക്ക് മുൻപായി അറിക്കേണ്ടതാണ്. പി. ആർ ഏജൻസി നിയോഗിക്കുന്ന ഫോട്ടോഗ്രാഫർ, വീഡിയോ ഗ്രാഫർ എന്നിവർ ടി ഉദ്യോഗസ്ഥനുമായി ബന്ധപ്പെടുന്നതും അതനുസരിച്ച് മത്സരം നടക്കുന്ന എല്ലാ സ്കില്ലിന്റേയും ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി എന്നിവ നടന്നിട്ടുണ്ടെന്ന വസ്തുത ഇ ഉദ്യോഗസ്ഥൻ ഉറപ്പ വരുത്തേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ് :എല്ലാ സർക്കാർ ഐടിഐ പ്രിൻസിപ്പാൾമാർക്കും